"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി- പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി രൂപീകൃതമായ കേരള എഡ്യുക്കേഷൻ മിഷന്റെ കീഴിൽ നിയമിതരായ ജില്ലാ കോ-ഓർഡിനേറ്റർമാരുടെ അന്യത്ര സേവന വ്യവസ്ഥ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

G.O.(Rt)No.3810/2019/GEDN തീയതി,തിരുവനന്തപുരം, 25/09/2019

---

പരാമർശം:-
1 സ.ഉ (പി) നം. 10/2017/ആസാവ തിയതി 19/04/17
2 28/04/2017ലെ സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റി തീരുമാനം
3 11/06/2017 ലെ സ.ഉ (സാധാ) നം. 1830/2017/പൊ.വി.വ
4 12/03/18 ലെ സ.ഉ(സാധാ) നം.1054/2018/പൊ.വി.വ
5 26/06/2018ലെ സ.ഉ (സാധാ)നം.2394/2018/പൊവിവ
6 പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20/06/2019, 27/08/19 തിയതികളിലെ 96/2019/ കെ.ഇ.എം. നമ്പർ കത്തുകൾ
7 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21/08/2019ലെ എ1/81250/ 2018/ഡിജിഇ നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി രൂപീകരിക്കപ്പെട്ട കേരള എഡ്യുക്കേഷൻ മിഷനിൽ പരാമർശം (3) പ്രകാരം 31 തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവായിരുന്നു. ഇതിൽ പതിനാല് ജില്ലാ കോർഡിനേറ്റർമാരുടെ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥ/പുനർനിയമനം/ കരാർ/ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കാനും ഉത്തരവാകുകയും, പരാമർശം (5) പ്രകാരം താഴെ പറയുന്ന ക്രമത്തിൽ അധ്യാപകരെ ജില്ലാ കോർഡിനേറ്റർമാരായി നിയമിച്ച് സർക്കാർ ഉത്തരവ് നൽകിയിരുന്നു.

| ക്രമ നം | പേരും ഔദ്യോഗിക മേൽ വിലാസവും | നിയമിക്കപ്പെട്ട ജില്ല |
|---|---|---|
| 1 | ശ്രീ.എസ്.ജവാദ്, എച്ച്.എസ്.എസ്.ടി(മലയാളം), ജി.എച്ച്.എസ്.എസ്.,കിളിമാനൂർ, തിരുവനന്തപുരം | തിരുവനന്തപുരം |
| 2 | ശ്രീ.റെനി ആന്റണി, എച്ച്.എസ്.എസ്.ടി(Sr) (മലയാളം), ഗവ.എച്ച്.എസ്.എസ്., പുനലൂർ, കൊല്ലം. | കൊല്ലം |
| 3 | ശ്രീ.എസ്.രാജേഷ്,എച്ച്.എം., ഗവ.യു.പി.സ്കൂൾ, പന്ന്യാൽ, ഓമല്ലൂർ, പത്തനംതിട്ട | പത്തനംതിട്ട |
| 4 | ശ്രീ.എ.കെ.പ്രസന്നൻ എച്ച്.എസ്.എ(ഹിന്ദി), ഗവ.എച്ച്.എസ്.എസ്., അങ്ങാടിക്കൽ സൗത്ത്, ചെങ്ങന്നൂർ | ആലപ്പുഴ |
| 5 | ശ്രീ.കെ.ജെ.പ്രസാദ്, എച്ച്.എസ്.എസ്.ടി(ബോട്ടണി), ജി.ബി.എച്ച്.എസ്.എസ്., പുതുപ്പള്ളി, കോട്ടയം | കോട്ടയം |
| 6 | ശ്രീ.കെ.എ.ബിനുമോൻ, എച്ച്.എസ്.എസ്.ടി(ഗണിതം), ഗവ.എച്ച്.എസ്.എസ്., കഞ്ചിത്തണ്ണി, ഇടുക്കി | ഇടുക്കി |
| 7 | ശ്രീ.കെ.ജി.ജോർജ് ബാസ്റ്റിൻ, എച്ച്.എസ്.എസ്.ടി(Jr)(സംസ്കൃതം), പാലിയം ഗവ.എച്ച്.എസ്.എസ്., ചേന്ദമംഗലം, എറണാകുളം | എറണാകുളം |
| 8 | ശ്രീ.പി.എ.മുഹമ്മദ് സിദ്ധിഖ്, എച്ച്.എസ്.എ(മലയാളം), ജി.എച്ച്.എസ്.എസ്., ഇടവിലങ്ങ്, തൃശ്ശൂർ | തൃശ്ശൂർ |
| 9 | ശ്രീ. എം.മണി, എച്ച്.എസ്.എ(മലയാളം), ജി.എച്ച്.എസ്.എസ്., കരുവാരക്കുണ്ട്, മലപ്പുറം | മലപ്പുറം |
| 10 | ശ്രീ. ടി.ജയപ്രകാശ്, എച്ച്.എസ്.എ (സോഷ്യൽ സയൻസ്), പി.എം.ജി.എച്ച്.എസ്.എസ്., പാലക്കാട് | പാലക്കാട് |
| 11 | ശ്രീ. ബി.മധു, എച്ച്.എസ്.എ(ഫിസിക്കൽ സയൻസ്), ജി.എച്ച്.എസ്.എസ്., ചോറോട്, വടകര, കോഴിക്കോട് | കോഴിക്കോട് |

| | | |
|---|---|---|
| 12 | ശ്രീ.വി.സുരേഷ്കുമാർ,എച്ച്.എസ്.എസ്.ടി(Jr) (ഇംഗ്ലീഷ്), ജി.ടി.എച്ച്.എസ്.എസ്., എടതണ, പോരൂർ, വയനാട് | വയനാട് |
| 13 | ശ്രീ . കെ . കെ രവി<br>ഹെഡ് മാസ്റ്റർ,ജി . വി . എച്ച് . എസ് കല്പറ്റ | കണ്ണൂർ |
| 14 | ശ്രീ.പി.ദിലീപ് കുമാർ, എച്ച്.എസ്.എ(മലയാളം), ഗവ.എച്ച്.എസ്., ചാമുണ്ഡിക്കുന്ന്, കാസർഗോഡ്. | കാസർഗോഡ് |

3) നിയമിതരാവുന്ന അധ്യാപകരുടെ നിയമന കാലയളവ് ജോലിയിൽ പ്രവേശിക്കുന്ന തിയതി മുതൽ കെ.എസ്.ആർ ഭാഗം I ലെ അന്യത്ര സേവന വ്യവസ്ഥയുടെ ചട്ടങ്ങൾക്ക് വിധേയമായി ഒരു വർഷത്തേക്കായതിനാൽ പ്രസ്തുത അധ്യാപകരുടെ അന്യത്ര സേവന വ്യവസ്ഥ കാലാവധി അവസാനിച്ചിരിക്കുകയാണ്. ആയതിനാൽ കണ്ണൂർ, വയനാട് ജില്ലകളിലെ കോ-ഓർഡിനേറ്റർമാർ ഒഴികെ മറ്റുള്ള ജില്ലാ കോ-ഓർഡിനേറ്റർമാരുടെ അന്യത്രസേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (6) പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിലേക്ക് ശിപാർശ ചെയ്തു. പ്രസ്തുത അധ്യാപകരുടെ അന്യത്ര സേവന വ്യവസ്ഥ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് തടസ്സവാദമില്ലെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (7) പ്രകാരം അറിയിച്ചു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം നിയമിതരായ ജില്ലാ കോ-ഓർഡിനേറ്റർമാരിൽ കണ്ണൂർ, വയനാട് ജില്ലകളിൽ നിയമിതരായവരൊഴികെ ബാക്കിയുള്ള അധ്യാപകരുടെ അന്യത്ര സേവനം, കാലാവധി തീർന്ന തീയതി മുതൽ അടുത്ത ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കാൻ തീരുമാനിക്കുകയും, ഇപ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ജില്ലാ കോ-ഓർഡിനേറ്റർമാരായി, ബന്ധപ്പെട്ട ജില്ലകളിൽ ശ്രീ.കെ.എ.ബിനുമോൻ, ശ്രീ. എം.മണി, ശ്രീ.പി.ദിലീപ് കുമാർ എന്നിവർക്ക് 01.07.19 മുതലും, ശ്രീ.എസ്.ജവാദ്, ശ്രീ.റെനി ആന്റണി, ശ്രീ.കെ.ജെ.പ്രസാദ്, ശ്രീ. ബി.മധു, ശ്രീ.പി.എ.മുഹമ്മദ് സിദ്ധിഖ് എന്നിവർക്ക് 02.07.19 മുതലും, ശ്രീ.കെ.ജി.ജോർജ് ബാസ്റ്റിന് 04.07.19 മുതലും, ശ്രീ.എസ്.രാജേഷിന് 10.07.19 മുതലും, ശ്രീ. ടി.ജയപ്രകാശിന് 18.07.19 മുതലും, ശ്രീ.എ.കെ.പ്രസന്നനു 01.08.19 മുതലും ഒരു വർഷത്തേക്ക് കൂടി അന്യത്ര സേവനവ്യവസ്ഥ ദീർഘിപ്പിച്ച് ഉത്തരവാകുകയും ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A.MUMTHAS BEEGOM
UNDER SECRETARY

അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ&ഇ) കേരള തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി ധനകാര്യ വകുപ്പ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ. എസ്.എസ്.കെ തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, ഇൻകെൽ, തിരുവനന്തപുരം
ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (ഡി.ജി.ഇ മുഖേന)
ബന്ധപ്പെട്ട അധ്യാപകർക്ക് ( ഡി.ജി.ഇ മുഖേന)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ഐ & പി.ആർഡി (വെബ്&ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Nanitha.P

സെക്ഷൻ ഓഫീസർ

പകർപ്പ് – ബഹു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്